# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം :- ആ.വ.ഡ-ജീവനക്കാര്യം -സ്പെഷ്യാലിറ്റി കേഡർ - ഡോ . നീതു എസ് പി, ജൂനിയർ കൺസൾട്ടന്റ് (ഓഫ്താൽമോളജി )-നിയമന ഉത്തരവിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

സൂചന :- 1. ഉത്തരവ് നം . ഇ എ 1 -54500(1)/2016/ആ.വ.ഡ തീയതി 04.02.2022
2. നം . എ 1 -2977/ 2022 /ജി.മെ.ആ ഇടുക്കി തീയതി 25.03.2022

**ഉത്തരവ് നം. ഇ.എ 1 -33190 /2022/ആ.വ.ഡ തീയതി 30.09.2022**

ആരോഗ്യവകുപ്പിൽ ഓഫ്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയിരുന്ന ഡോ . നീതു എസ് പി, ഉപരിപഠനാർത്ഥമുള്ള ശൂന്യവേതന അവധിക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി കാത്തു നിന്ന 04.09.2021 മുതൽ 05.02.2022 വരെയുള്ള കാലയളവ് ക്രമപ്പെടുത്തി ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ടു പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു .

ഡോ . നീതു എസ് പി, തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത തസ്തികയിൽ ഒഴിവു ഇല്ലാതിരുന്നതിനാൽ പരാമർശം (1 ) പ്രകാരം നിയമന ഉത്തരവ് നൽകിയത് 04.02.2022 നാണ്. പ്രസ്തുത ഉത്തരവ് പ്രകാരം ടിയാരി 05.02.2022 അപരാഹ്നത്തിൽ ഇടുക്കി പീരുമേട് താലൂക് ആസ്ഥാന ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചു .

മേൽ സാഹചര്യത്തിൽ ഓഫ്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ . നീതു എസ് പി, ഉപരിപഠനാർത്ഥമുള്ള ശൂന്യവേതന അവധിക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി കാത്തു നിന്ന 04.09.2021 മുതൽ 05.02.2022 വരെയുള്ള കാലയളവ് കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം 1, ചട്ടം 12 (7 ) ലെ കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

(ഒപ്പ്)
**ഡോ. പ്രീത പി പി**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:
ഡോ . നീതു എസ് പി, ജൂനിയർ കൺസൾട്ടന്റ് , (ഓഫ്താൽമോളജി ), താലൂക് ആസ്ഥാന ആശുപത്രി, പീരുമേട്

പകർപ്പ്:-
1. അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
2. ജില്ലാ മെഡിക്കല് ആഫീസര്, ഇടുക്കി
3. സൂപ്രണ്ട്, താലൂക് ആസ്ഥാന ആശുപത്രി, പീരുമേട്
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്